പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** — **5.12.2014-ന് മറുപടിക്ക്**

**എയ്റോബിൻ യൂണിറ്റുകൾ**

**ചോദ്യം**

ശ്രീ. എ എ അസീസ്

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
വകുപ്പു മന്ത്രി)

എ) മാലിന്യ സംസ്കരണത്തിനു പയോഗിക്കുന്ന എയ്റോബിൻ യൂണിറ്റുകളുടെ പ്രവർത്തനഫലം വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

എ) ഉണ്ട്. സർക്കാർ രൂപം നൽകിയ ഒരു വിദഗ്ദ്ധ സമിതി മുമ്പാകെ പ്രാദേശികമായി രൂപകൽപന ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുള്ള മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തനക്ഷമത ബോധ്യപ്പെടുത്തിയതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബഹുനില കെട്ടിട സമുച്ചയങ്ങളിലും റസിഡൻഷ്യൽ കോളനികളിലും താമസിക്കുന്ന കുടുംബങ്ങളിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം സംസ്ക്കരിക്കാൻ എയ്റോബിക് ഫെറോസിമന്റ് കമ്പോസ്റ്റ് യൂണിറ്റ് അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നു. ഇത്തരത്തിലുള്ള വിലയിരുത്തൽ നടത്തി വിദഗ്ദ്ധ സമിതി ശുപാർശ ചെയ്ത സാങ്കേതിക വിദ്യകൾക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

1. അഴുകാത്ത മാലിന്യങ്ങളായ പ്ലാസ്റ്റിക് പോലുള്ള പദാർത്ഥങ്ങൾ, ഇ-മാലിന്യങ്ങളായ ബാറ്ററി, സി.എഫ്.എൽ തുടങ്ങിയ പദാർത്ഥങ്ങൾ ഇതിൽ നിക്ഷേപിക്കാൻ പാടില്ല.
2. ഈ സംവിധാനം ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കുതിന് പരിശീലനം നേടിയിട്ടുള്ള വ്യക്തികളെ ചുമതലപ്പെടുത്തേണ്ടതാണ്.

ബി) പ്രസ്തുത യൂണിറ്റുകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ബി) ഉറവിട മാലിന്യ സംസ്ക്കരണം നടപ്പിലാക്കാൻ കഴിയാത്ത മാർക്കറ്റുകൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഇത്തരം കമ്പോസ്റ്റ് സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ